## പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 861** **01.03.2017-ൽ മറുപടിക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.വി. അൻവർ** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| എ) നിലമ്പൂർ മണ്ഡലത്തിൽ വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; നിയമനങ്ങൾ എംപ്ലോയ്മെന്റ് വഴിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ; | (എ) അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനു മുമ്പ് പ്രസ്തുത തസ്തികയിലേക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവില്ല എന്ന് പി.എസ്.സിയിൽ നിന്നും രേഖാമൂലം ഉറപ്പു വരുത്തിയ ശേഷമാണ് എംപ്ലോയ്മെന്റ് ഓഫീസ് മുഖേന നിയമനം നൽകുന്നത്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും നിയമനം നടത്താത്ത സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനം സുഗമമായി നടത്തികൊണ്ടു പോകുന്നതിനായി അത്യാവശ്യ സാഹചര്യത്തിൽ മാത്രമെ താൽക്കാലിക ജീവനക്കാരെ നിയമിക്കാറുള്ളു. പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് വഴി നിയമനം നടത്തുന്നതിന് നിയമ തടസ്സങ്ങൾ ഒന്നും നിലവിലില്ല. കൂടാതെ വനസംരക്ഷണത്തിനും വന്യമൃഗങ്ങളുടെ ശല്യമുള്ള പ്രദേശങ്ങളിലും കാട്ടുതീയിൽ നിന്നും വന സമ്പത്തിനെ സംരക്ഷിക്കുന്നതിന് ആവശ്യമുള്ളവരെ വിവിധ ജോലികളുടെ അടങ്കലുകളിൽ ഉൾപ്പെടുത്തി മസ്റ്റർ റോൾ പ്രകാരം ദിവസ വേതനത്തിൽ |

| | | | |
|---|---|---|---|
| | | | നിയോഗിക്കാറുണ്ട്. ഇത് സ്ഥിരം തസ്തികകൾ അല്ലാത്തതുകൊണ്ട് എംപ്ലോയ്മെന്റ് വഴിയുള്ള നിയമനത്തിന് സാധ്യതയില്ല. |
| ബി) | 2011 മുതൽ 2016 വരെ നിയമിച്ച താൽക്കാലിക ജീവനക്കാർ ഇപ്പോഴും ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ, അവരുടെ പേര്, ഔദ്യോഗിക വിലാസം, തസ്തിക എന്നിവ ലഭ്യമാക്കാമോ; | (ബി) | വനം വകുപ്പിൽ സ്ഥിരം തസ്തികയിൽ താൽക്കാലിക ജീവനക്കാർ ആരും തന്നെ ജോലി ചെയ്യുന്നില്ല. വിവിധ ഫോറസ്റ്റ് ജോലികൾക്ക് മസ്ദൂർമാരായി 2011 മുതൽ 2016 വരെ ജോലി ചെയ്തിരുന്നവർ ഇപ്പോഴും ജോലി ചെയ്യുന്നുണ്ട്. |
| സി) | ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര താൽക്കാലിക ജീവനക്കാർ ഇപ്പോൾ വനം വകുപ്പിൽ ജോലി ചെയ്യുന്നു; വിശദ വിവരം ലഭ്യമാക്കുമോ ; | (സി) | വനം വകുപ്പിൽ സ്ഥിരം തസ്തികയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട ആരും തന്നെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നില്ല. എന്നാൽ മസ്റ്റർ റോൾ വ്യവസ്ഥ പ്രകാരം ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ സേവനവും ലഭ്യമാക്കാറുണ്ട്. |
| ഡി) | 14 വർഷത്തിലധികമായി താൽക്കാലിക ജോലി ചെയ്ത് കൊണ്ടിരിക്കുന്നവരെ സ്ഥിരപ്പെടുത്താനായുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | 14 വർഷത്തിലധികമായി താൽക്കാലിക ജോലി ചെയ്ത് വരുന്നവരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**